"ഭരണഭാഷ – മാതൃഭാഷ"

നം: എച്ച് (2)/35785/16/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 29/04/2017

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം- സംരക്ഷിത ജീവനക്കാരുടെ ലിസ്റ്റ് (അധ്യാപകബാങ്ക്) സംബന്ധിച്ച്

സൂചന:- ഈ ഓഫീസിൽ നിന്നുള്ള 21/01/2017, 10/02/2017 എന്നീ തീയതികളിലെ ഇതേ നമ്പർ കത്തുകൾ

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ആകെയുള്ള സംരക്ഷിത ജീവനക്കാരുടെ വിവരങ്ങൾ ('അധ്യാപകബാങ്ക്') ഐ.ടി@സ്കൂളിന്റെ വെബ് സൈറ്റിൽ എന്റർ ചെയ്ത് ശേഖരിച്ചിരുന്ന വിവരം ഓർക്കുമല്ലോ. ഇങ്ങനെ ശേഖരിച്ച അധ്യാപകബാങ്കിൽ ഏതാനും വിദ്യാഭ്യാസ ഓഫീസർമാരുടെ ശ്രദ്ധക്കുറവ് മൂലം ചില തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്. പ്രധാനമായും താഴെപ്പറയുന്ന പിശകുകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

- ❖ വിവരങ്ങൾ പൂർണമായും എന്റർ ചെയ്തിട്ടില്ല.
- ❖ എല്ലാ സംരക്ഷിത ജീവനക്കാരുടെയും പേരുവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
- ❖ മാനേജുമെന്റുകളുടെ ന്യൂനപക്ഷ പദവി സംബന്ധിച്ച് തെറ്റായ വിവരങ്ങൾ നൽകിയിരിക്കുന്നു. (പദവി ഉള്ള ചില സ്കൂളുകൾക്ക് 'No' എന്ന് എന്റർ ചെയ്തിരിക്കുന്നു).
- ❖ സംരക്ഷിത ജീവനക്കാരന്റെ പേര് ടൈപ്പ് ചെയ്യുന്ന മാതൃക പോലും 21/01/2017 ലെ കത്തിലെ 3-ാം പേജിൽ 4-ാം ഖണ്ഡികയിൽ നൽകിയിരുന്നതാണ്. അതുപോലും ശ്രദ്ധിക്കാതെ പലരും അവർക്കിഷ്ടമുള്ള രീതിയിൽ ടൈപ്പ് ചെയ്തിരിക്കുന്നു.
- ❖ സാങ്കേതിക കാരണങ്ങളാൽ പഞ്ചായത്ത് സ്കൂളുകളിൽ നിന്നുള്ള സംരക്ഷിത ജീവനക്കാരുടെ വിവരങ്ങൾ എന്റർ ചെയ്യാൻ കഴിഞ്ഞില്ല.

ആയതിനാൽ യാതൊരു ന്യൂനതകളുമില്ലാത്ത 'അധ്യാപകബാങ്ക്' പ്രസിദ്ധീകരിക്കുന്നതിനായി നിലവിലുള്ള ലിസ്റ്റിലെ ന്യൂനതകൾ പരിഹരിക്കേണ്ടിയിരിക്കുന്നു. ഇതിനായി സൈറ്റിലെ വിവരങ്ങൾ എഡിറ്റ് ചെയ്യുന്നതിനും പുതിയവ ചേർക്കുന്നതിനുമായി 2017 ഏപ്രിൽ 29 മുതൽ മെയ് 5 വരെ സൈറ്റ് ഒരിക്കൽ കൂടി ലഭ്യമാക്കുകയാണ്. സൈറ്റിൽ പ്രവേശിക്കുന്നതിനും എഡിറ്റ്/എന്റർ ചെയ്യുന്നതിനുമുള്ള മാർഗനിർദേശങ്ങൾ സൂചനയിലെ കത്തിൽ (21/01/2017) സൂചിപ്പിച്ചതുപോലെ തന്നെയാണ്.

പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ—

- സംരക്ഷിത ജീവനക്കാരുടെ Educational Qualifications മുൻപ് ശേഖരിച്ചിരുന്നില്ല. ഇപ്പോൾ അവ എന്റർ ചെയ്യുന്നതിന് ഒരു പുതിയ ഫീൽഡ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ജീവനക്കാരന്റെ വിദ്യാഭ്യാസ യോഗ്യതകൾ ടൈപ്പ് ചെയ്ത് ചേർക്കണം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകൾ ഇപ്പോൾ സർക്കാർ സ്കൂളുകൾ ആയതിനാൽ അവയിലെ സംരക്ഷിത ജീവനക്കാരുടെ വിവരങ്ങൾ മുൻപ് സൈറ്റിൽ എന്റർ ചെയ്യാൻ കഴിയുമായിരുന്നില്ല. ഇത്തരം സ്കൂളുകളിൽ നിന്നുള്ള, അധ്യാപകബാങ്കിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ ലിസ്റ്റ് പ്രത്യേകമായാണ് ശേഖരിച്ചത്. എന്നാൽ ഇത്തവണ പ്രസ്തുത വിവരങ്ങൾ കൂടി സൈറ്റിൽ എന്റർ ചെയ്യണം. ഇതിനായി സംരക്ഷിത ജീവനക്കാരുള്ള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി സ്കൂളുകളുടെ സമ്പൂർണയിലുള്ള പേരും സ്കൂൾ കോഡും ചേർത്ത് ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ മാർ ഐ.ടി@സ്കൂളിൽ ഇ-മെയിൽ വഴി (sixthworkday@gmail.com) അപേക്ഷിച്ചാൽ പ്രസ്തുത സ്കൂൾ കൂടി സൈറ്റിൽ ലഭ്യമാക്കുന്നതാണ്. (ഫോൺ നമ്പർ. 0471-2529800)
- മാനേജുമെന്റുകളുടെ ന്യൂനപക്ഷ പദവി സംബന്ധിച്ച വിവരം പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ എന്റർ ചെയ്യാവൂ. (Yes/No). ന്യൂനപക്ഷ പദവിയുള്ള ഒരു സ്കൂളിനും 'No' എന്നും പദവി ഇല്ലാത്ത ഒരു സ്കൂളിനും 'Yes' എന്നും എന്റർ ചെയ്യരുത്.
- മെയ് 4 നു മുമ്പ് എ.ഇ.ഒ/ഡി.ഇ.ഒ മാർ എഡിറ്റിംഗ്/എൻട്രി പൂർത്തിയാക്കി കൺഫേം ചെയ്തിരിക്കണം.
- മെയ് 4,5 തീയതികളിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ലിസ്റ്റ് പരിശോധിച്ച് ശരിയാണെന്നുറപ്പുവരുത്തി കൺഫേം ചെയ്യണം. ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ബന്ധപ്പെട്ട ജീവനക്കാരുടെ സാന്നിധ്യത്തിലാകണം ഈ പരിശോധന നടത്തേണ്ടത്. ഇനിയൊരു തെറ്റ്/ഒഴിവാകൽ/കൂട്ടിച്ചേർക്കൽ ലിസ്റ്റിൽ ഉണ്ടാകരുത്.
- മെയ് 6 ന് സൈറ്റിൽ നിന്ന് ലഭ്യമായ, പുതുക്കിയ "അധ്യാപകബാങ്ക്" സർക്കാരിനു സമർപ്പിക്കുന്നതാണ്.
- മെയ് 5 വൈകുന്നേരം മുതൽ സൈറ്റ് ലഭ്യമായിരിക്കുന്നതല്ല.

ഈ വിഷയത്തിൽ ഇനി എന്തെങ്കിലും തെറ്റുകൾ വരുത്തിയാലോ, ഏതെങ്കിലും പേരുകൾ വിട്ടുപോയാലോ അതുമൂലമുണ്ടാകുന്ന എല്ലാ ഭവിഷ്യത്തുകൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തിപരമായിത്തന്നെ ഉത്തരവാദിത്തം വഹിക്കേണ്ടിവരും എന്ന കാര്യം പ്രത്യേകം ഓർമ്മിക്കുക. എഡിറ്റിംഗ്/എൻട്രി ആരംഭിക്കുന്നതിനു മുമ്പ് സൂചനയിലെ രണ്ട് കത്തുകളും മനസ്സിരുത്തി വായിച്ച് ഉൾക്കൊള്ളണമെന്നും അറിയിക്കുന്നു. (കത്തുകൾ സൈറ്റിൽ ലഭ്യമാണ്).

വിശ്വസ്തതയോടെ

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)

ബി.ഒ